# കേരളസർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

മാർച്ച് 3

**March3** **2021**

**1196**കുംഭം 19ബുധൻ

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657

**നിയമസഭാ തെരഞ്ഞെടുപ്പ്: കോവിഡ് ബാധിതർക്കും**
**80 കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും തപാൽവോട്ട് ചെയ്യാം**

നിയമസഭാ തെരഞ്ഞെടുപ്പിൽ ഇത്തവണ കോവിഡ് ബാധിതർ, 80 വയസ് കഴിഞ്ഞവർ, ഭിന്നശേഷിക്കാർ എന്നിവർക്കും തപാൽ വോട്ട് ചെയ്യാനുള്ള സൗകര്യമൊരുക്കും. കോവിഡ് ബാധിതരുടെയും പ്രാഥമിക സമ്പർക്കത്തിൽ ഉള്ളവരുടെയും പട്ടിക ജില്ലാ മെഡിക്കൽ ഓഫീസർ ശേഖരിച്ച് റിട്ടേണിംഗ് ഓഫിസർക്കു കൈമാറും. ബിഎൽഒമാർ ഇവരെ ഫോണിൽ ബന്ധപ്പെട്ടശേഷം വീടുകളിലെത്തി അപേക്ഷ നൽകും. ഇപ്രകാരം പോസ്റ്റൽ ബാലറ്റിനുള്ള അപേക്ഷകൾ വോട്ടർമാരിൽ നിന്നും ബിഎൽഒമാർ തിരികെ വാങ്ങി മാർച്ച് 17ന് മുമ്പ് അതത് വരണാധികാരികളെ ഏൽപ്പിക്കും. ഭിന്നശേഷി വിഭാഗത്തിൽ പെട്ടവർ 40 ശതമാനത്തോളം അംഗവൈകല്യം കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം വേണം അപേക്ഷിക്കേ ത്. കോവിഡ് / ക്വാറൻ്റൈനിൽ ഉള്ളവർ ആരോഗ്യവകുപ്പിൽ നിന്നും ഇതിലേക്കായി ജില്ലാ മെഡിക്കൽ ഓഫീസർ നിയോഗിച്ച ഉദ്യോഗസ്ഥൻ നൽകിയിട്ടുള്ള സാക്ഷ്യപത്രം സഹിതം വേണം അപേക്ഷ സമർപ്പിക്കേ ത്.

പോളിംഗ് ഉദ്യാഗസ്ഥർക്കും പോലീസുകാർക്കുമാണ് സാധാരണ തപാൽ വോട്ട് അനുവദിക്കാറുള്ളത്. കൂടാതെ ആരോഗ്യം, അഗ്നിരക്ഷാ സേന, ജയിൽ, എക്സൈസ്, മിൽമ, വൈദ്യുതി വകുപ്പ്, ജല അതോറിറ്റി, കെഎസ്ആർടിസി, വനം വകുപ്പ്, ട്രഷറി, തെരഞ്ഞെടുത്ത കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ, ആംബുലൻസ് തുടങ്ങി അവശ്യ സർവീസിൽ ജോലി ചെയ്യുന്നവർക്കും തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കും ഇത്തവണ തപാൽ വോട്ട് ചെയ്യാം.

80 വയസ് കഴിഞ്ഞവർക്കും, ഭിന്നശേഷിക്കാർ എന്ന് വോട്ടർ പട്ടികയിൽ രേഖപ്പെടുത്തിയവർക്കും ബൂത്ത് ലെവൽ ഓഫീസർമാർ (ബിഎൽഒ) തപാൽ വോട്ടിനുള്ള അപേക്ഷ (ഫോം 12ഡി) വീട്ടിലെത്തിക്കും. വീട്ടിലെത്തി ബിഎൽഒ തരുന്ന അപേക്ഷാഫോം അപ്പോൾ തന്നെ പൂരിപ്പിച്ച് ഒപ്പിട്ട് നൽകണം. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകൾ റിട്ടേണിംഗ് ഓഫീസർക്ക് ബിഎൽഒ കൈമാറും. ഇവർ തപാൽ വോട്ടർമാരാണെന്നു വോട്ടർ പട്ടികയിൽ രേഖപ്പെടുത്തും. ഈ പട്ടികയാണ് പോളിംഗ് ഉദ്യോഗസ്ഥർക്ക് കൈമാറുക. തുടർന്ന് ര ു പോളിംഗ് ഉദ്യോഗസ്ഥർ, ഒരു സുരക്ഷാ ജീവനക്കാരൻ, വീഡിയോഗ്രാഫർ, ഡ്രൈവർ, ബിഎൽഒ എന്നിവരടങ്ങുന്ന സംഘം ബാലറ്റുമായി തപാൽ വോട്ടർമാരുടെ വീടുകളിലെത്തും. രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും ഈ സംഘത്തെ അനുഗമിക്കാം.

വീട്ടിലെത്തുന്ന സംഘം ആദ്യം ബാലറ്റ് പേപ്പർ വോട്ടർക്കു കൈമാറും. അതു പൂരിപ്പിക്കേ രീതി വിവരിക്കും. ഇവ വീഡിയോയിൽ പകർത്തും.

പോളിംഗിന്റെ രഹസ്യ സ്വഭാവം നിലനിർത്തി മറ്റാരും കാണാതെ വോട്ടർ വോട്ട് രേഖപ്പെടുത്തണം. വോട്ടർ വോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാനാർഥിയുടെ പേരിനു നേർക്കുള്ള സ്ഥലത്ത് പേന കൊ ു ഗുണന ചിഹ്നമോ, ശരി അടയാളമോ തുടങ്ങി ഏത് അടയാളവും രേഖപ്പെടുത്താവുന്നതും, എന്നാൽ വോട്ടറെ തിരിച്ചറിയുന്ന യാതൊന്നുംതന്നെ രേഖപ്പെടുത്താൻ പാടില്ലാത്തതും വോട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കുകയും വേണം. വോട്ടറുടെ തിരിച്ചറിയൽ കാർഡ് പരിശോധിച്ച് പോളിംഗ് ഓഫീസർ ഫോം 13എ അറ്റസ്റ്റ് ചെയ്യും. ആശുപത്രികളിലാണെങ്കിൽ അവിടത്തെ ഡോക്ടർക്ക് അറ്റസ്റ്റ് ചെയ്യാം. അതിനു ശേഷം വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് ചെറിയ കവറിൽ ഇടണം. ആ കവർ മറ്റൊരു വലിയ കവറിൽ ഇടണം. ഒട്ടിച്ച ശേഷം കവർ തിരികെ നൽകണം. വോട്ട് രേഖപ്പെടുത്താൻ ബുദ്ധിമുട്ടു ങ്കിൽ വോട്ടർ ചുമതലപ്പെടുത്തുന്ന മറ്റൊരാൾക്ക് പകരം വോട്ടു ചെയ്യാം. വോട്ടുചെയ്ത പോസ്റ്റൽ ബാലറ്റുകൾ പോളിംഗ് ടീം സ്വീകരിക്കും. വോട്ടെടുപ്പ് ദിവസം അവസാനത്തെ ഒരു മണിക്കൂറിൽ കോവിഡ് രോഗികൾക്കും ക്വാറൻന്റൈനിൽ ഇരിക്കുന്നവർക്കും പോളിംഗ് ബൂത്തിൽ എത്തിയും കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായി വോട്ട് ചെയ്യാൻ ഇലക്ഷൻ കമ്മീഷൻ സൗകര്യം ഒരുക്കിയിട്ടു ്.

എല്ലാ വോട്ടർമാർക്കും വോട്ടർ ഇൻഫർമേഷൻ സ്ലിപ് ബിഎൽഒമാർ വീട്ടിലെത്തിക്കും. സ്ലിപ്പിൽ പോളിംഗ് സ്റ്റേഷന്റെ പേര്, വോട്ടെടുപ്പ് തീയതി, സമയം എന്നിവ ഉ ാകും. ഇത്തവണ വോട്ടിംഗ് സമയം ഒരു മണിക്കൂർ ദീർഘിപ്പിച്ചിട്ടു ്.രാവിലെ ഏഴു മുതൽ രാത്രി ഏഴു വരെയാണ് സമയം. കുറ്റമറ്റ ക്രമീകരണങ്ങളും പോളിംഗ് സമയം നീട്ടിയതും വോട്ടിംഗ് ശതമാനം വർധിപ്പിക്കുമെന്ന കണക്കുകൂട്ടലിലാണ് മുന്നണികളും സ്ഥാനാർഥികളും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും.

(നിയമസഭ 27/21)

## ജീവനക്കാരുടെ പട്ടിക നൽകാത്ത മേലധികാരികൾക്കെതിരേ കർശന നടപടി സ്വീകരിക്കും: ജില്ലാ കളക്ടർ

നിയമസഭാ തെരഞ്ഞെടുപ്പിന് പോളിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ജീവനക്കാരുടെ പട്ടിക യഥാസമയം നൽകാത്ത ഓഫീസ് മേലധാകാരികൾക്കെതിരെ തെരഞ്ഞെടുപ്പ് ചട്ടം അനുസരിച്ച് കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ കളക്ടർ ഡോ. നരസിംഹുഗാരി ടി.എൽ. റെഡ്ഡി അറിയിച്ചു. സ്റ്റാഫ് ലിസ്റ്റ് ഇനിയും ലഭ്യമാക്കാത്ത ഓഫീസ് മേലധികാരികൾ മാർച്ച് നാലിന് വൈകുന്നേരം നാലിന് അതത് ഓഫീസ് പരിധിയിലുള്ള വില്ലേജ് ഓഫീസിൽ എത്തിച്ചേരണം. നിയമസഭാ തെരഞ്ഞെടുപ്പിന് പോളിംഗ് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുവേ ി പത്തനംതിട്ട ജില്ലയുടെ പരിധിയിൽ വരുന്ന കേന്ദ്ര/സംസ്ഥാന സർക്കാർ, അർധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവ നിശ്ചിത മാതൃകയിൽ ജീവനക്കാരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുന്നതിന് നിർദേശം നൽകിയിരുന്നു.

(നിയമസഭ 28/21)

## മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചു

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാതല മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി(എംസിഎംസി) രൂപീകരിച്ചു. ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ ഡോ. നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയിൽ എഡിഎം ഇ.മുഹമ്മദ് സഫീർ, പത്തനംതിട്ട പ്രസ് ക്ലബ് പ്രസിഡന്റ് ബോബി എബ്രഹാം, പത്തനംതിട്ട പ്രസ് ക്ലബ് സെക്രട്ടറി ബിജു കുര്യൻ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സി.മണിലാൽ എന്നിവർ അംഗങ്ങളാണ്. ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറി.

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ മാധ്യമങ്ങളിൽ നൽകുന്ന പരസ്യങ്ങളുടെ സർട്ടിഫിക്കേഷൻ, നിരീക്ഷണം, പെയ്ഡ് ന്യൂസ് മോണിറ്ററിംഗ്, അച്ചടി മാധ്യമങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ, കേബിൾ ടിവി, ഇന്റർനെറ്റ്, മൊബൈൽ തുടങ്ങി തുടങ്ങിയവയുമായി ബന്ധപ്പെട്ട തെരഞ്ഞെടുപ്പു സംബന്ധമായ പരാതികളുടെ പരിശോധനയ്ക്കാണ് കമ്മിറ്റി രൂപീകരിച്ചത്. ഇതുമായി

ബന്ധപ്പെട്ട് പ്രതിദിന റിപ്പോര്‍ട്ട് കമ്മിറ്റി അക്കൗ ിംഗ് ടീമിന് സമര്‍പ്പിക്കും. മുഴുവന്‍ തെരഞ്ഞെടുപ്പ് നടപടികളും പൂര്‍ത്തിയാകുന്നതുവരെ സമിതി പ്രവര്‍ത്തിക്കും.

(നിയമസഭാ 29/21)

## വോട്ടര്‍ ബോധവത്ക്കരണം ശക്തമാക്കി സ്വീപ്പ്; എല്ലാവരേയും വോട്ട് ചെയ്യിക്കുക ലക്ഷ്യം

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി വോട്ടര്‍മാര്‍ക്ക് ബോധവത്കരണം നല്‍കുന്നതിന് പത്തനംതിട്ട ജില്ലാ ഭരണകേന്ദ്രം നടപ്പാക്കുന്ന സ്വീപ്(സിസ്റ്റമാറ്റിക്ക് വോട്ടേഴ്സ് എഡ്യുക്കേഷന്‍ ആന്‍ഡ് ഇലക്ടറല്‍ പാര്‍ട്ടിസിപ്പേഷന്‍) പരിപാടികള്‍ ശ്രദ്ധേയമാകുന്നു. സമ്മതിദാന അവകാശം കൃത്യമായി വിനിയോഗിക്കാന്‍ വോട്ടര്‍മാരെ ബോധവത്ക്കരിക്കുന്ന പരിപാടിയാണ് സ്വീപ്. ഒരു മാസം നീ ു നില്‍ക്കുന്ന കര്‍മ പരിപാടികള്‍ സ്വീപ്പിന്റെ ഭാഗമായി നടപ്പാക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പുകളില്‍ വോട്ടിംഗ് നിരക്കു കുറഞ്ഞ സ്ഥലങ്ങളില്‍ കൂടുതല്‍ ശ്രദ്ധ കേന്ദ്രീകരിച്ച് പരമാവധി വോട്ടര്‍മാരെ ബൂത്തിലെത്തിക്കുകയാണ് ലക്ഷ്യം. ഇതിനായി വോട്ടിംഗ് ശതമാനം കുറഞ്ഞ സ്ഥലങ്ങളില്‍ പ്രത്യേക കാമ്പയിന്‍ നടത്തും. ജനവാസ കേന്ദ്രങ്ങള്‍, പൊതു ഗതാഗത സംവിധാനങ്ങള്‍, ജനങ്ങള്‍ കൂടുതല്‍ ആശ്രയിക്കുന്ന കടകള്‍, മാളുകള്‍, മത്സ്യമാര്‍ക്കറ്റുകള്‍, തീയേറ്ററുകള്‍, സര്‍ക്കാര്‍ സ്ഥാപനങ്ങള്‍ എന്നിവിടങ്ങള്‍ കേന്ദ്രീകരിച്ചും ബോധവല്‍ക്കരണം നടത്തും.

വോട്ടേഴ്സ് എന്റോള്‍മെന്റ് കാമ്പയിന്റെ ഭാഗമായി പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, തിരുവല്ല മര്‍ത്തോമ്മ കോളജ്, ആറന്മുള എന്‍ജിനീയറിംഗ് കോളജ്, കടമ്മനിട്ട മൗ ്സിയോണ്‍ എന്‍ജിനീയറിംഗ് കോളജ്, ഇലവുംതിട്ട ശ്രീബുദ്ധ എന്‍ജിനീയറിംഗ് കോളജ് എന്നിവിടങ്ങളില്‍ അക്ഷയ കേന്ദ്രങ്ങളുടെ സഹായത്തോടെ പതിനെട്ട് വയസ് പൂര്‍ത്തിയായ വിദ്യാര്‍ഥികളുടെ പേര് വോട്ടേഴ്സ് ലിസ്റ്റിലേക്ക് സ്വീകരിച്ചു. ഇതിനു പുറമേ ജനാധിപത്യം ശക്തിപ്പെടുത്തുന്നതിന് ഒരു വോട്ട് പോലും പാഴാക്കരുത് എന്ന സന്ദേശം വിദ്യാര്‍ഥികളിലും അധ്യാപകരിലും എത്തിക്കുന്നതിന് കോളജുകളില്‍ കൂട്ടായ്മകള്‍ സംഘടിപ്പിക്കുകയും ചെയ്തു. വിവിധ കോളജുകളിലായി 250 ല്‍ പരം കുട്ടികളെ വോട്ടേഴ്സ് ലിസ്റ്റില്‍ പുതുതായി എന്‍റോള്‍ ചെയ്യിച്ചു.

പത്തനംതിട്ട ജില്ലയിലെ അഞ്ച് കോളജുകളില്‍ നിന്നുള്ള വിദ്യാര്‍ഥികള്‍ പങ്കെടുത്ത എന്‍സിസി ക്യാമ്പില്‍ വോട്ട് ചെയ്യുന്നതിന്റെ പ്രാധാന്യം ഉള്‍ക്കൊള്ളുന്ന പ്രതിജ്ഞ സംഘടിപ്പിച്ചു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിഷയം ഉള്‍ക്കൊള്ളിച്ച് സ്കൂള്‍/കോളജ് തലത്തിലുള്ള വിദ്യാര്‍ഥികള്‍ക്കായി ഓണ്‍ലൈന്‍ ക്വിസ് പരിപാടിയും സ്വീപ്പിന്റെ ഭാഗമായി സംഘടിപ്പിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ഇടങ്ങളില്‍ വോട്ടര്‍ ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിച്ചു. ചെറുകോല്‍ പഞ്ചായത്തിലെ കാട്ടൂര്‍, പുതമണ്‍, ചാക്കപ്പാലം എന്നീ സ്ഥലങ്ങളിലുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു സൈറ്റുകള്‍ സന്ദര്‍ശിച്ച് ജനാധിപത്യ സംവിധാനത്തില്‍ വോട്ട് ചെയ്യേ തിന്റെ പ്രാധാന്യം വിശദമാക്കുന്ന കൂട്ടായ്മകള്‍ സംഘടിപ്പിച്ചു. വോട്ട് ചെയ്യേ തിന്റെ പ്രാധാന്യം വിശദീകരിച്ച് വയലത്തല സര്‍ക്കാര്‍ വൃദ്ധസദനത്തില്‍ ബോധവല്‍ക്കരണവും സ്വീപ്പിന്റെ ഭാഗമായി നടത്തി.

ജില്ലാ കളക്ടര്‍ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡിയാണ് സ്വീപ്പിന്റെ ജില്ലാ ചെയര്‍മാന്‍. അസിസ്റ്റന്റ് കളക്ടര്‍ വി. ചെല്‍സാസിനിക്കാണ് പരിപാടിയുടെ ഏകോപന, മേല്‍നോട്ട ചുമതല. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണര്‍ ബി. ശ്രീബാഷാണ് ജില്ലാ നോഡല്‍ ഓഫീസര്‍. ഡെപ്യൂട്ടി തഹസില്‍ദാര്‍ ജി. രാജേഷ് കുമാറാണ് തിരുവല്ല നിയോജക മണ്ഡലം നോഡല്‍ ഓഫീസര്‍. റാന്നി നിയോജക മണ്ഡലത്തില്‍ ഡെപ്യൂട്ടി തഹസില്‍ദാര്‍ എന്‍.വി.സന്തോഷ്, ആറന്മുള മണ്ഡലത്തില്‍ ഡെപ്യൂട്ടി തഹസില്‍ദാര്‍ ബാബുലാല്‍, കോന്നി മണ്ഡലത്തില്‍ ഡെപ്യൂട്ടി തഹസില്‍ദാര്‍ സി.കെ. സജീവ് കുമാര്‍, അടൂര്‍ മണ്ഡലത്തില്‍ ഡെപ്യൂട്ടി തഹസില്‍ദാര്‍ പി.ജി. ജയേഷ് എന്നിവരാണ് നോഡല്‍ ഓഫീസര്‍മാര്‍.

(നിയമസഭാ 30/21)

## നിയമസഭാ തെരഞ്ഞെടുപ്പ്: ജില്ലയില്‍ പുതിയ എപിക് കാര്‍ഡ് ലഭിച്ചത് 18301 പേര്‍ക്ക്

നിയസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയില്‍ എപിക് (ഇലക്ടറല്‍ ഫോട്ടോ ഐഡന്റിറ്റി കാര്‍ഡ്) കാര്‍ഡ് ലഭിച്ചത് 18301 പേര്‍ക്ക്. 2021 ജനുവരി 20ന് പ്രസിദ്ധീകരിച്ച വോട്ടര്‍ പട്ടികയില്‍ പുതുതായി പേരു ചേര്‍ത്തവര്‍ക്കാണ് എപിക് കാര്‍ഡ് നല്‍കി വരുന്നത്. ബൂത്ത്

അടിസ്ഥാനത്തിൽ ബൂത്ത് ലെവൽ ഓഫീസർമാരാണ് എപിക് കാർഡുകൾ വിതരണം ചെയ്യുന്നത്. മാർച്ച് ഒൻപതു വരെയാണ് നിയമസഭാ തെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ അവസരമുള്ളത്.

(നിയമസഭാ 31/21)

**നിയമസഭാ തെരഞ്ഞെടുപ്പ്: ഇതുവരെ വാക്സിൻ എടുത്തത് 150 ഓളം ഉദ്യോഗസ്ഥർ**

നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി ജില്ലയിൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ച ഉദ്യോഗസ്ഥർക്കായി നടത്തി വരുന്ന പരിശീലന പരിപാടിയിൽ ഇതുവരെ കോവിഡ് വാക്സിൻ സ്വീകരിച്ചത് 150ഓളം ഉദ്യോഗസ്ഥർ. ജില്ലാ കളക്ടർ ഡോ. നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡിയുടെ നിർദേശപ്രകാരമാണ് പരിശീലന ദിനത്തിൽ വാക്സിൻ വിതരണം നടത്തുന്നത്.

ആറന്മുള, റാന്നി, കോന്നി നിയോജക മണ്ഡലങ്ങളിലായി നടന്ന പരിശീലന പരിപാടിയിലാണ് ഉദ്യോഗസ്ഥർ വാക്സിൻ സ്വീകരിച്ചത്. പരിശീലന ഹാളിന് പുറമെ ഇന്റർനെറ്റ് സൗകര്യത്തോടു കൂടി പ്രത്യേകം സജ്ജീകരിച്ച മുറികളിലാണ് വാക്സിൻ നൽകിയത്. വാക്സിൻ മുറി, രജിസ്ട്രേഷൻ കൗ ർ, വിശ്രമമുറി, എന്നിവയാണ് പ്രത്യേകം സജ്ജമാക്കിയത്. ആറന്മുള - പത്തനംതിട്ട കാത്തോലിക്കേറ്റ് കോളജ് ഹാൾ, റാന്നി-റാന്നി സിറ്റാഡെൽ സ്കൂൾ, കോന്നി -കോന്നി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലാണ് പരിശീലനത്തോടൊപ്പം വാക്സിൻ വിതരണം നടന്നത്. അടൂർ - അടൂർ ആൾ സെയിന്റ്സ് ഹയർ സെക്കൻഡറി സ്കൂളിലും, തിരുവല്ല - ഡയറ്റ് സെന്ററിലും പരിശീലനവും വാക്സിൻ വിതരണവും ഇന്ന് (മാർച്ച് നാല്) ആരംഭിക്കും.

(നിയമസഭാ 32/21)

**ആർടിഎ യോഗം ഇന്ന്(4)**

പത്തനംതിട്ട ആർടിഎയുടെ യോഗം ഇന്ന്(4)ന് രാവിലെ 11ന് പത്തനംതിട്ട കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരുമെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

(പിഎൻപി 882/21)

**തുല്യതാ കോഴ്സുകൾ; രജിസ്ട്രേഷൻ തീയതി നീട്ടി**

സംസ്ഥാന സാക്ഷരതാ മിഷന്റെ പത്താംതരം തുല്യതാ കോഴ്സിലേക്കും ഹയർ സെക്കൻഡറി തുല്യതാ കോഴ്സിലേക്കുള്ള രജിസ്ട്രേഷൻ 50 രൂപ ഫൈനോടുകൂടി ഈ മാസം 10 വരെയും 200 രൂപ സൂപ്പർ ഫൈനോടുകൂടി ഈ മാസം 15 വരെയും നീട്ടിയതായി ജില്ലാ സാക്ഷരതാ മിഷൻ പ്രൊജക്ട് കോ-ഓർഡിനേറ്റർ അറിയിച്ചു.

(പിഎൻപി 883/21)

**സ്കോൾ-കേരളയിലെ അധ്യയനം ഹൈബ്രിഡ് മോഡിൽ**

ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ-കേരള (സ്കോൾ-കേരള)യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പഠിതാക്കൾക്ക് പഠനവിഭവങ്ങൾ ഒരുങ്ങുന്നു. ആദ്യഘട്ടത്തിൽ ര ാം വർഷ ഹയർസെക്ക റി പരീക്ഷയെ അഭിമുഖീകരിക്കുന്ന പഠിതാക്കൾക്കായുള്ള ഫോക്കസ് മേഖലകളെ കേന്ദ്രീകരിച്ച് തയ്യാറാക്കിയ വീഡിയോ ക്ലാസ്സുകൾ സ്കോൾ-കേരളയുടെ യൂറ്റിയൂബ് ചാനൽ (https://www.youtube.com/channel/UCpxWCnWd_8qG508AfA2CNg),ഫെയ്സ് ബുക്ക് പേജ് (https://www.facebook.com/State-Council-for-Open-and-Lifelong-Education-Kerala102147398607994) എന്നിവ വഴി ലഭ്യമാകും. എസ്.ഐ.ഇ.ടിയുടെ സാങ്കേതിക സഹകരണത്തോടെ എസ്.സി.ഇ.ആർ.ടി

ഫാക്കൽറ്റി അംഗങ്ങളുടെ മേൽ നോട്ടത്തിൽ പ്രഗൽഭരായ അധ്യാപകരാണ് വീഡിയോ ക്ലാസ്സുകൾ തയ്യാറാക്കിയത്. ഇംഗ്ലീഷ്, മലയാളം, അറബിക്, ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, ഇസ്ലാമിക് ഹിസ്റ്ററി, ബിസിനസ് സ്റ്റഡീസ്, അക്കൗ ൻസി എന്നീ വിഷയങ്ങളിലെ വീഡിയോ ക്ലാസ്സുകളാണ് ഇന്നുമുതൽ ലഭ്യമായി തുടങ്ങുക.

അക്കാദമിക ഉള്ളടക്കത്തിനൊപ്പം മോട്ടിവേഷൻ വീഡിയോകളും ഉടൻ തയ്യാറാകും. പരീക്ഷ കാലത്ത് പഠിതാക്കളിൽ പൊതുവെ ക ു വരാറുള്ള പരീക്ഷാ ഭയം, ആശങ്ക, രക്ഷിതാക്കളിൽ അനുഭവപ്പെടുന്ന മാനസിക സമ്മർദ്ദം മുതലായവ ലഘൂകരിക്കാൻ സഹായിക്കുംവിധം പ്രഗൽഭരുടെ മോട്ടിവേഷൻ ക്ലാസ്സുകളാണ് തയ്യാറാക്കുന്നത്. കേരള സർവകലാശാലയുടെ അഡൽട്ട് തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ അക്കാദമിക സഹകരണത്തോടെയാണ് മോട്ടിവേഷൻ വീഡിയോകൾ തയ്യാറാക്കുന്നത്. സ്കോൾ-കേരളയിൽ രജിസ്റ്റർ ചെയ്ത പഠിതാക്കൾക്കൊപ്പം ര ാം വർഷ ഹയർസെക്ക റി പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഈ വീഡിയോ പാഠങ്ങൾ പ്രയോജനപ്പെടുത്താം. സമകാലിക വിദ്യാഭ്യാസ സാങ്കേതികവിദ്യകളെ പ്രയോജനപ്പെടുത്തി തുറന്നതും ജീവിതാന്ത്യം വരെയുള്ളതുമായ വിദ്യാഭ്യാസം ഹൈബ്രിഡ് മാതൃകയിലേക്ക് ഉയർത്താനുള്ള ശ്രമത്തിന്റെ ആദ്യപടിയായാണ് വീഡിയോ ക്ലാസ്സുകൾ നവമാധ്യമങ്ങൾ വഴി ലഭ്യമാക്കുന്നത് എന്ന് സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രതീഷ് കാളിയാടൻ അറിയിച്ചു.

(പിഎൻപി 884/21)



# കേരളസർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

മാർച്ച് 3

**March3** **2021**

**1196കുംഭം 19ബുധൻ**

# പത്രക്കുറിപ്പ്-2



www.prd.kerala.gov.in, diopta1@gmail.comഫോൺ0468-2222657


**കൈപ്പട്ടൂർ – വള്ളിക്കോട് റോഡിൽ**
**ഗതാഗത നിയന്ത്രണം**

കൈപ്പട്ടൂർ–വള്ളിക്കോട് റോഡിൽ കലുങ്ക പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ഈ റോഡിൽ ഇന്ന്(മാർച്ച് 4)മുതൽ ഒരു മാസത്തേക്ക് വാഹനഗതാഗതം ഭാഗികമായി നിയന്ത്രിച്ചതായി പത്തനംതിട്ട പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം അസി.എക്സിക്യുട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഫോൺ:04682 325514, 8086395055

(പിഎൻപി 885/21)

**കോന്നി മണ്ഡലത്തിലെ തെരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ ജില്ലാ കളക്ടർ വിലയിരുത്തി**

കോന്നി നിയോജക മണ്ഡലത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി വിലയിരുത്തി. കോന്നി താലൂക്ക് ഓഫീസിൽ ഉദ്യോഗസ്ഥരുമായി യോഗം ചേർന്നു. കോന്നി മണ്ഡലത്തിലെ കളക്ഷൻ, ഡിസ്ട്രിബ്യൂഷൻ, വോട്ടെണ്ണൽ കേന്ദ്രമായ അമൃത വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, കലഞ്ഞൂർ ഗവ. എച്ച്.എസ്.എസ്, കൂടൽ വി.എച്ച്.എസ്.എസ്, ഇളകൊള്ളൂർ സെന്റ് ജോർജ് എച്ച്എസ്, കൈപ്പട്ടൂർ ജിവിഎച്ച്.എസ് എസ് എന്നിവിടങ്ങളിലെ ക്രമീകരണങ്ങളും വിലയിരുത്തി.

ജില്ലാ പോലീസ് മേധാവി ആർ. നിശാന്തിനിയുടെ സാന്നിധ്യത്തിലായിരുന്നു കളക്ടറുടെ സന്ദർശനം. നിലവിലുള്ള 212 ബൂത്തുകൾക്ക് പുറമെ 81 ഓക്സിലറി ബൂത്തുകൾ അടക്കം 293 ബൂത്തുകളാണ് തിരുവല്ല നിയോജകമണ്ഡലത്തിൽ നിലവിലുള്ളത്.

കോന്നി റിട്ടേണിംഗ് ഓഫീസർ ആർ. സന്തോഷ് കുമാർ, അഡീഷണൽ എസ്പി എൻ. രാജൻ, കോന്നി എസ്.എച്ച്.ഒ ടി.എസ്. ശിവപ്രകാശ്, എആർഒ. ടി. വിജയകുമാർ ഇആർഒ കെ.എസ്.നസിയ തുടങ്ങിയവർ ജില്ലാ കളക്ടർക്ക് ഒപ്പമു ായിരുന്നു.

***ഫോട്ടോ അടിക്കുറിപ്പ്- ഡിസി കോന്നി:-***

കോന്നി നിയോജക മണ്ഡലത്തിലെ നിയമസഭാ തെരഞ്ഞെടുപ്പ് ക്രമീകരണങ്ങള്‍ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസറും ജില്ലാ കളക്ടറുമായ ഡോ.നരസിംഹുഗാരി തേജ് ലോഹിത് റെഡ്ഡി ജില്ലാ പോലീസ് മേധാവി ആര്‍. നിശാന്തിനിയുടെ സാന്നിധ്യത്തില്‍ വിലയിരുത്തുന്നു.

(നിയമസഭാ 33/21)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.




**പത്തനംതിട്ട ജില്ല**
**കോവിഡ്19 കൺട്രോൾ സെൽ ബുള്ളറ്റിൻ**
**തീയതി. 03.03.2021**

**..............................................................................**

പത്തനംതിട്ട ജില്ലയിൽ ഇന്ന് 206 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ ഏഴു പേർ വിദേശത്ത് നിന്ന് വന്നവരും, മൂന്നു പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നതും, 196 പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത 16 പേരു ്.

ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്:
ക്രമ നമ്പർ, തദ്ദേശസ്വയംഭരണ സ്ഥാപനം,
രോഗബാധിതരായവരുടെ എണ്ണം എന്ന ക്രമത്തിൽ:

1.അടൂർ
(അടൂർ, ആനന്ദപ്പള്ളി, കരുവാറ്റ) 6
2.പന്തളം
(പെരുമ്പുളിക്കൽ, കുടശ്ശനാട്, കുരമ്പാല, തോന്നല്ലൂർ, മുളംപുഴ) 9
3.പത്തനംതിട്ട
(കുലശേഖരപതി, മേലേവെട്ടിപ്രം, വലഞ്ചുഴി, വെട്ടിപ്രം, പത്തനംതിട്ട) 8
4.തിരുവല്ല
(പാലിയേക്കര, കറ്റോട്, തിരുവല്ല, മഞ്ഞാടി) 7
5.ആനിക്കാട്
(നൂറോമാവ്, ആനിക്കാട്) 5
6.ആറന്മുള 1
7.അരുവാപുലം 1
8.അയിരൂർ
(കൈതകോടി, തടിയൂർ) 3
9.ചെന്നീർക്കര
(ചെന്നീർക്കര) 2
10.ചെറുകോൽ 1

11.ചിറ്റാർ
(കാരികയം, നീലിപിലാവ്, വയ്യാറ്റുപുഴ, ചിറ്റാർ) 5
12. ഏറത്ത്
(പുതുശ്ശേരിഭാഗം, മണക്കാല) 4
13. ഇലന്തൂർ 1
14. ഏനാദിമംഗലം
(കുന്നിട, മാരൂർ, ഇളമണ്ണൂർ) 4
15. ഇരവിപേരൂർ
(വള്ളംകുളം) 7
16. ഏഴംകുളം
(അറുകാലിക്കൽ വെസ്റ്റ്, ഏഴംകുളം, നെടുമൺ, ഏനാത്ത്, പറക്കോട്) 7
17. കടമ്പനാട് 1
18. കലഞ്ഞൂർ 1
19. കല്ലൂപ്പാറ
(കല്ലൂപ്പാറ) 3
20. കവിയൂർ
(മു ിയപ്പള്ളി) 4
21. കൊടുമൺ
(അങ്ങാടിക്കൽ നോർത്ത്) 2
22. കോന്നി
(അട്ടച്ചാക്കൽ, ഊട്ടുപാറ, മുതുപേഴുംകൽ, മങ്ങാരം) 5
23. കൊറ്റനാട്
(കൊറ്റനാട്) 10
24. കോട്ടാങ്ങൽ
(വായ്പ്പൂർ, കുളത്തൂർ, പാടിമൺ) 4
25. കോഴഞ്ചേരി 1
26. കുളനട
(ഉളനാട്., കുളനട) 2
27. കുന്നന്താനം 1
28. കുറ്റൂർ
(തെങ്ങേലി, വെസ്റ്റ് ഓതറ) 2
29. മലയാലപ്പുഴ
(മലയാലപ്പുഴ, താഴം) 2
30. മല്ലപ്പള്ളി

(മല്ലപ്പള്ളി ഈസ്റ്റ്, കീഴ്‌വായ്പ്പൂർ, മല്ലപ്പള്ളി) 6
31. മല്ലപ്പുഴശ്ശേരി
(പുന്നയ്ക്കാട്, കുഴിക്കാല) 3
32. മെഴുവേലി 1
33. മൈലപ്ര 1
34. നാറാണംമൂഴി
(കക്കുടുമൺ, കുടമുരുട്ടി, തോമ്പിക ം) 3
35. നാരങ്ങാനം 1
36. നെടുമ്പ്രം
(നെടുമ്പ്രം) 4
37. നിരണം
(നിരണം) 2
38. ഓമല്ലൂർ
(ഓമല്ലൂർ) 5
39. പള്ളിക്കൽ
(മിത്രപുരം, പാറക്കൂട്ടം, തെങ്ങമം, പെരിങ്ങനാട്, പഴകുളം,
മു പ്പള്ളി) 12
40. പ്രമാടം
(തെങ്ങുംകാവ്, ഇലകൊള്ളൂർ, വട്ടക്കാവ്, മല്ലശ്ശേരി) 6
41. പുറമറ്റം
(വെണ്ണിക്കുളം, പുറമറ്റം) 2
42. റാന്നി
(ഇടക്കുളം, തോട്ടമൺ, മു പ്പുഴ, കൊല്ലംപടി, പുതുശ്ശേരിമല) 8
43. റാന്നി പഴവങ്ങാടി
(ചെല്ലക്കാട്, ചേത്തയ്ക്കൽ, ഐത്തല) 8
44. റാന്നി അങ്ങാടി
(പുല്ലൂപ്രം, അങ്ങാടി)2
45. റാന്നി-പെരുനാട്
(പമ്പ, പെരുനാട്) 4
46. സീതത്തോട്
(ആങ്ങമുഴി) 4
47. തോട്ടപ്പുഴശ്ശേരി 1
48. തുമ്പമൺ
(മുട്ടം) 2
49. വടശ്ശേരിക്കര

(തലച്ചിറ, ഏറം, മാടമൺ, പേഴുംപാറ, ചെറുകുളഞ്ഞി, വടശ്ശേരിക്കര, കുമ്പളാംപൊയ്ക)	11
50.	വള്ളിക്കോട്
(വള്ളിക്കോട്, ഞക്കുനിലം)	8
51.	വെച്ചൂച്ചിറ
(വെച്ചൂച്ചിറ)	3

ജില്ലയിൽ ഇതുവരെ ആകെ 56973 പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ 51372 പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.ഇന്ന് ജില്ലയിൽ കോവിഡ്-19 ബാധിതരായ ര ു പേരുടെ മരണം റിപ്പോർട്ട് ചെയ്തു. 1) 25.02.2021ന് രോഗബാധ സ്ഥിരീകരിച്ച കവിയൂർ സ്വദേശി (64) 25.02.2021 ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു. 2) 26.02.2021ന് രോഗബാധ സ്ഥിരീകരിച്ച നിരണം സ്വദേശി (73) 01.03.2021 ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണതകൾ നിമിത്തം മരണമടഞ്ഞു.

ജില്ലയിൽ ഇന്ന് 333 പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം 53376 ആണ്. പത്തനംതിട്ട ജില്ലക്കാരായ 3250 പേർ രോഗികളായിട്ടു ്. ഇതിൽ 2964 പേർ ജില്ലയിലും, 286 പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.

ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം:
ക്രമനമ്പർ,	ആശുപത്രികൾ /സി.എഫ്.എൽ.റ്റി.സി/ സി.എസ്.എൽ.റ്റി.സി എണ്ണം
1	ജനറൽ ആശുപത്രി പത്തനംതിട്ട	4
2	ജില്ലാ ആശുപത്രി കോഴഞ്ചേരി 101
3	റാന്നി മേനാംതോട്ടം സി.എസ്.എൽ.റ്റി.സി 27
4	പന്തളം അർച്ചന സി.എഫ്.എൽ.റ്റി.സി	54
5	മുസലിയാർ സി.എസ്.എൽ.റ്റി.സി പത്തനംതിട്ട 29
6	പെരുനാട് കാർമ്മൽ സി.എഫ്.എൽ.റ്റി.സി 46
7	പത്തനംതിട്ട ജിയോ സി.എഫ്.എൽ.റ്റി.സി 17
8	ഇരവിപേരൂർ, യാഹിർ സി.എഫ്.എൽ.റ്റി.സി	31
9	അടൂർ ഗ്രീൻവാലി സി.എഫ്.എൽ.റ്റി.സി	30

10 ആനിക്കാട് സി.എഫ്.എൽ.റ്റി.സി 18
11 പന്തളം-തെക്കേക്കര സി.എഫ്.എൽ.റ്റി.സി 13
12 കോവിഡ്-19 ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ 2766
13 സ്വകാര്യ ആശുപത്രികളിൽ 125
ആകെ 3261

ജില്ലയിൽ 6889 കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ 2819 പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ 3212 പേരും നിലവിൽ നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ 119 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ 58 പേരും ഇതിൽ ഉൾപ്പെടുന്നു.
ആകെ 12920 പേർ നിരീക്ഷണത്തിലാണ്.

ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ:
സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ:
ക്രമനമ്പർ, പരിശോധനയുടെ പേര്, ഇന്നലെ വരെ ശേഖരിച്ചത്, ഇന്ന് ശേഖരിച്ചത്, ആകെ എന്ന ക്രമത്തിൽ:
1 ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) 197831, 991 , 198822.
2 റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) 188807, 291, 189098.
3 റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) 37534, 395, 37929.
4 റാപ്പിഡ് ആന്റിബോഡി പരിശോധന 485, 0, 485.
5 ട്രൂനാറ്റ് പരിശോധന 6555, 34, 6589.
6 സി.ബി.നാറ്റ് പരിശോധന 608, 1, 609.
സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 431820, 1712, 433532.
സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ 224705, 1972, 226677.
ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം) 656525, 3684, 660209.

ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ 3684 സാമ്പിളുകൾ ശേഖരിച്ചിട്ടു ്.1215 സാമ്പിളുകളുടെ ഫലം ലഭിക്കാനു ്. ജില്ലയിൽ കോവിഡ്-19 മൂലമുള്ള മരണനിരക്ക് 0.19 ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് 8.63 ശതമാനമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെ കൺട്രോൾ റൂമിൽ 60 കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ 123 കോളുകളും ലഭിച്ചു.

ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് 407 കോളുകൾ നടത്തുകയും, മൂന്നു പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.

പ്രോഗ്രാം ഓഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ഓഫീസറുടെ ചേമ്പറിൽ വൈകുന്നേരം 4.30ന് കൂടി. ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ 10 ന് ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.

# പത്തനംതിട്ട ജില്ല

## കോവിഡ്-19 കൺട്രോൾ സെൽ ബുള്ളറ്റിൻ

## തീയതി. 03.03.2021

- ജില്ലാതല പ്ലാനിംഗ് മീറ്റിംഗ് രാവിലെ **10** മണിക്ക് ബഹു.ജില്ലാ കളക്ടറുടെ ചേമ്പറിൽ കൂടി.
- പത്തനംതിട്ട ജില്ലയിൽ ഇന്ന് **206** പേർക്ക് കോവിഡ്-**19** സ്ഥിരീകരിച്ചു.
- ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ **7** പേർ വിദേശത്ത് നിന്ന് വന്നവരും, **3** പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നതും, **196** പേർ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചവരുമാണ്. ഇതിൽ സമ്പർക്കപശ്ചാത്തലം വ്യക്തമല്ലാത്ത **16** പേരു ്.
- <u>ഇന്ന് രോഗബാധിതരായവരുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക്</u>

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | രോഗബാധിതരായവരുടെ എണ്ണം |
|---|---|---|
| **1.** | അടൂർ<br>(അടൂർ, ആനന്ദപ്പള്ളി, കരുവാറ്റ) | **6** |
| **2.** | പന്തളം<br>(പെരുമ്പുളിക്കൽ, കുടശ്ശനാട്, കുരമ്പാല, തോന്നല്ലൂർ, മുളംപുഴ) | **9** |
| **3.** | പത്തനംതിട്ട<br>(കുലശേഖരപതി, മേലേവെട്ടിപ്രം, വലഞ്ചുഴി, വെട്ടിപ്രം, പത്തനംതിട്ട) | **8** |
| **4.** | തിരുവല്ല<br>(പാലിയേക്കര, കറ്റോട്, തിരുവല്ല, മഞ്ഞാടി) | **7** |
| **5.** | ആനിക്കാട്<br>(നൂറോമാവ്, ആനിക്കാട്) | **5** |
| **6.** | ആറന്മുള | **1** |
| **7.** | അരുവാപുലം | **1** |
| **8.** | അയിരൂർ<br>(കൈതകോടി, തടിയൂർ) | **3** |
| **9.** | ചെന്നീർക്കര<br>(ചെന്നീർക്കര) | **2** |
| **10.** | ചെറുകോൽ | **1** |
| **11.** | ചിറ്റാർ<br>(കാരികയം, നീലിപിലാവ്, വയ്യാറ്റുപുഴ, ചിറ്റാർ) | **5** |
| **12.** | ഏറത്ത്<br>(പുതുശ്ശേരിഭാഗം, മണക്കാല) | **4** |
| **13.** | ഇലന്തൂർ | **1** |
| **14.** | ഏനാദിമംഗലം<br>(കുന്നിട, മാരൂർ, ഇളമണ്ണൂർ) | **4** |
| **15.** | ഇരവിപേരൂർ<br>(വള്ളംകുളം) | **7** |
| **16.** | ഏഴംകുളം<br>(അറുകാലിക്കൽ വെസ്റ്റ്, ഏഴംകുളം, നെടുമൺ, ഏനാത്ത്, പറക്കോട്) | **7** |
| **17.** | കടമ്പനാട് | **1** |
| **18.** | കലഞ്ഞൂർ | **1** |

| | | |
|---|---|---|
| **19.** | കല്ലൂപ്പാറ<br>(കല്ലൂപ്പാറ) | **3** |
| **20.** | കവിയൂർ<br>(മു  ിയപ്പള്ളി) | **4** |
| **21.** | കൊടുമൺ<br>(അങ്ങാടിക്കൽ നോർത്ത്) | **2** |
| **22.** | കോന്നി<br>(അട്ടച്ചാക്കൽ, ഊട്ടുപാറ, മുതുപേഴുംകൽ, മങ്ങാരം) | **5** |
| **23.** | കൊറ്റനാട്<br>(കൊറ്റനാട്) | **10** |
| **24.** | കോട്ടാങ്ങൽ<br>(വായ്പ്പൂർ, കുളത്തൂർ, പാടിമൺ) | **4** |
| **25.** | കോഴഞ്ചേരി | **1** |
| **26.** | കുളനട<br>(ഉളനാട്., കുളനട) | **2** |
| **27.** | കുന്നന്താനം | **1** |
| **28.** | കുറ്റൂർ<br>(തെങ്ങേലി, വെസ്റ്റ് ഓതറ) | **2** |
| **29.** | മലയാലപ്പുഴ<br>(മലയാലപ്പുഴ, താഴം) | **2** |
| **30.** | മല്ലപ്പള്ളി<br>(മല്ലപ്പള്ളി ഈസ്റ്റ്, കീഴ്‌വായ്പ്പൂർ, മല്ലപ്പള്ളി) | **6** |
| **31.** | മല്ലപ്പുഴശ്ശേരി<br>(പുന്നയ്ക്കാട്, കുഴിക്കാല) | **3** |
| **32.** | മെഴുവേലി | **1** |
| **33.** | മൈലപ്ര | **1** |
| **34.** | നാറാണംമൂഴി<br>(കക്കുടുമൺ, കുടമുരുട്ടി, തോമ്പിക  ം) | **3** |
| **35.** | നാരങ്ങാനം | **1** |
| **36.** | നെടുമ്പ്രം<br>(നെടുമ്പ്രം) | **4** |
| **37.** | നിരണം<br>(നിരണം) | **2** |
| **38.** | ഓമല്ലൂർ<br>(ഓമല്ലൂർ) | **5** |
| **39.** | പള്ളിക്കൽ<br>(മിത്രപുരം, പാറക്കൂട്ടം, തെങ്ങമം, പെരിങ്ങനാട്, പഴകുളം, മു  പ്പള്ളി) | **12** |
| **40.** | പ്രമാടം<br>(തെങ്ങുംകാവ്, ഇലകൊള്ളൂർ, വട്ടക്കാവ്, മല്ലശ്ശേരി) | **6** |
| **41.** | പുറമറ്റം<br>(വെണ്ണിക്കുളം, പുറമറ്റം) | **2** |
| **42.** | റാന്നി<br>(ഇടക്കുളം, തോട്ടമൺ, മു  പ്പുഴ, കൊല്ലംപടി, പുതുശ്ശേരിമല) | **8** |
| **43.** | റാന്നി പഴവങ്ങാടി<br>(ചെല്ലക്കാട്, ചേത്തയ്ക്കൽ, ഐത്തല) | **8** |
| **44.** | റാന്നി അങ്ങാടി<br>(പുല്ലൂപ്രം, അങ്ങാടി) | **2** |
| **45.** | റാന്നി-പെരുനാട്<br>(പമ്പ, പെരുനാട്) | **4** |
| **46.** | സീതത്തോട്<br>(ആങ്ങമൂഴി) | **4** |

| | | |
|---|---|---|
| **47.** | തോട്ടപ്പുഴശ്ശേരി | **1** |
| **48.** | തുമ്പമൺ<br>(മുട്ടം) | **2** |
| **49.** | വടശ്ശേരിക്കര<br>(തലച്ചിറ, ഏറം, മാടമൺ, പേഴുംപാറ, ചെറുകുളഞ്ഞി, വടശ്ശേരിക്കര, കുമ്പളാംപൊയ്ക) | **11** |
| **50.** | വള്ളിക്കോട്<br>(വള്ളിക്കോട്, ഞക്കുനിലം) | **8** |
| **51.** | വെച്ചൂച്ചിറ<br>(വെച്ചൂച്ചിറ) | **3** |

- ജില്ലയിൽ ഇതുവരെ ആകെ **56973** പേർക്ക് രോഗം സ്ഥിരീകരിച്ചിട്ടു ്. ഇതിൽ **51372** പേർ സമ്പർക്കം മൂലം രോഗം സ്ഥിരീകരിച്ചവരാണ്.
- ഇന്ന് ജില്ലയിൽ കോവിഡ്-**19** ബാധിതരായ **2** പേരുടെ മരണം റിപ്പോർട്ട് ചെയ്തു.
  1) **25.02.2021**-ന് രോഗബാധ സ്ഥിരീകരിച്ച കവിയൂർ സ്വദേശി (64) 25.02.2021 ന് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.
  2) **26.02.2021**-ന് രോഗബാധ സ്ഥിരീകരിച്ച നിരണം സ്വദേശി (73) 01.03.2021 ന് കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ വച്ച് ഇതര രോഗങ്ങൾ മൂലമുള്ള സങ്കീർണ്ണതകൾ നിമിത്തം മരണമടഞ്ഞു.

- ജില്ലയിൽ ഇന്ന് **333** പേർ രോഗമുക്തരായി. ആകെ രോഗമുക്തരായവരുടെ എണ്ണം **53376** ആണ്.
- പത്തനംതിട്ട ജില്ലക്കാരായ **3250** പേർ രോഗികളായിട്ടു ്. ഇതിൽ **2964** പേർ ജില്ലയിലും, **286** പേർ ജില്ലയ്ക്ക് പുറത്തും ചികിത്സയിലാണ്.
- ജില്ലയിൽ ഐസൊലേഷനിലുള്ളവരുടെ എണ്ണം.

| ക്രമ നമ്പർ | ആശുപത്രികൾ /സി.എഫ്.എൽ.റ്റി.സി/ സി.എസ്.എൽ.റ്റി.സി | എണ്ണം |
|---|---|---|
| **1** | ജനറൽ ആശുപത്രി പത്തനംതിട്ട | **4** |
| **2** | ജില്ലാ ആശുപത്രി കോഴഞ്ചേരി | **101** |
| **3** | റാന്നി മേനാംതോട്ടം സി.എസ്.എൽ.റ്റി.സി | **27** |
| **4** | പന്തളം അർച്ചന സി.എഫ്.എൽ.റ്റി.സി | **54** |
| **5** | മുസലിയാർ സി.എസ്.എൽ.റ്റി.സി പത്തനംതിട്ട | **29** |
| **6** | പെരുനാട് കാർമ്മൽ സി.എഫ്.എൽ.റ്റി.സി | **46** |
| **7** | പത്തനംതിട്ട ജിയോ സി.എഫ്.എൽ.റ്റി.സി | **17** |
| **8** | ഇരവിപേരൂർ, യാഹിർ സി.എഫ്.എൽ.റ്റി.സി | **31** |
| **9** | അടൂർ ഗ്രീൻവാലി സി.എഫ്.എൽ.റ്റി.സി | **30** |
| **10** | ആനിക്കാട് സി.എഫ്.എൽ.റ്റി.സി | **18** |
| **11** | പന്തളം-തെക്കേക്കര സി.എഫ്.എൽ.റ്റി.സി | **13** |
| **12** | കോവിഡ്-**19** ബാധിതരായി വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവർ | **2766** |
| **13** | സ്വകാര്യ ആശുപത്രികളിൽ | **125** |
| | **ആകെ** | **3261** |

- ജില്ലയിൽ **6889** കോൺടാക്ടുകൾ നിരീക്ഷണത്തിൽ ഉ ്. വിദേശത്തുനിന്നും തിരിച്ചെത്തിയ **2819** പേരും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരിച്ചെത്തിയ **3212** പേരും നിലവിൽ

നിരീക്ഷണത്തിലാണ്. വിദേശത്തുനിന്നും ഇന്ന് തിരിച്ചെത്തിയ **119** പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇന്ന് എത്തിയ **58** പേരും ഇതിൽ ഉൾപ്പെടുന്നു.

- ആകെ **12920** പേർ നിരീക്ഷണത്തിലാണ്.

- ജില്ലയിൽ വിവിധ പരിശോധനകൾക്കായി ഇതുവരെ ശേഖരിച്ച സാമ്പിളുകൾ

**സർക്കാർ ലാബുകളിലെ പരിശോധനാ വിവരങ്ങൾ**

| ക്രമ നമ്പർ | പരിശോധനയുടെ പേര് | ഇന്നലെ വരെ ശേഖരിച്ചത് | ഇന്ന് ശേഖരിച്ചത് | ആകെ |
|---|---|---|---|---|
| **1** | ദൈനംദിന പരിശോധന (ആർ.ടി.പി.സി.ആർ പരിശോധന) | **197831** | **991** | **198822** |
| **2** | റാപ്പിഡ് ആന്റിജൻ പരിശോധന (പുതിയത്) | **188807** | **291** | **189098** |
| **3** | റാപ്പിഡ് ആന്റിജൻ (വീ ും നടത്തിയത്) | **37534** | **395** | **37929** |
| **4** | റാപ്പിഡ് ആന്റിബോഡി പരിശോധന | **485** | **0** | **485** |
| **5** | ട്രൂനാറ്റ് പരിശോധന | **6555** | **34** | **6589** |
| **6** | സി.ബി.നാറ്റ് പരിശോധന | **608** | **1** | **609** |
| **സർക്കാർ ലാബുകളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 431820 | 1712 | 433532 |
| **സ്വകാര്യ ആശുപത്രികളിൽ ആകെ ശേഖരിച്ച സാമ്പിളുകൾ** | | 224705 | 1972 | 226677 |
| **ആകെ സാമ്പിളുകൾ (സർക്കാർ + സ്വകാര്യം)** | | 656525 | 3684 | 660209 |

- ഗവൺമെന്റ് ലാബുകളിലും, സ്വകാര്യ ലാബുകളിലുമായി ഇന്ന് ആകെ **3684** സാമ്പിളുകൾ ശേഖരിച്ചിട്ടു ്.
- **1215** സാമ്പിളുകളുടെ ഫലം ലഭിക്കാനു ്.
- ജില്ലയിൽ കോവിഡ്-**19** മൂലമുള്ള മരണനിരക്ക് **0.19** ശതമാനമാണ്. ജില്ലയുടെ ഇന്നത്തെ ടെസ്റ്റ് പോസിറ്റീവിറ്റി റേറ്റ് **8.63** ശതമാനമാണ്.
- ജില്ലാ മെഡിക്കൽ ആഫീസറുടെ കൺട്രോൾ റൂമിൽ **60** കോളുകളും, ജില്ലാ ദുരന്തനിവാരണ വിഭാഗത്തിന്റെ കൺട്രോൾ റൂമിൽ **123** കോളുകളും ലഭിച്ചു.
- ക്വാറന്റൈനിലുള്ള ആളുകൾക്ക് നൽകുന്ന സൈക്കോളജിക്കൽ സപ്പോർട്ടിന്റെ ഭാഗമായി ഇന്ന് **407** കോളുകൾ നടത്തുകയും, **3** പേർക്ക് കൗൺസിലിംഗ് നൽകുകയും ചെയ്തു.
- പ്രോഗ്രാം ആഫീസർമാരുടെയും മാനേജ്മെന്റ് ടീം ലീഡർമാരുടെയും റിവ്യൂ മീറ്റിംഗ്, ജില്ലാ മെഡിക്കൽ ആഫീസറുടെ ചേമ്പറിൽ വൈകുന്നേരം **4.30**ന് കൂടി.

**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)**
**പത്തനംതിട്ട**